# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 57** **26.04.2017-ൽ മറുപടിക്ക്**

**കൂടംകുളം - കൊച്ചി - ഇടമൺ പവർ ഹൈവേ പദ്ധതി**

| | ചോദ്യം<br>ശ്രീ.സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ്<br>ശ്രീ റോഷി അഗസ്റ്റിൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൂടംകുളം - കൊച്ചി - ഇടമൺ പവർ ഹൈവേ പദ്ധതി മുഖേന കേരളത്തിന് ലഭിക്കുന്ന വൈദ്യുതി എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | നിർദ്ദിഷ്ട കൂടംകുളം - ഇടമൺ - കൊച്ചി പവർ ഹൈവേ പദ്ധതി മുഖേന കേരളത്തിലേയ്ക്ക് ഏകദേശം 800 മുതൽ 1000 മെഗാവാട്ട് വൈദ്യുതി അധികമായി കൊണ്ടുവരാൻ സാധിക്കും. |
| (ബി) | ലഭിക്കുന്ന വൈദ്യുതിയുടെ അളവും ചെലവാകുന്ന തുകയും താരതമ്യം ചെയ്തിട്ടുണ്ടോ; ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം<br>കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് അറിയിക്കുമോ; | (ബി) | കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കുന്നതും മറ്റ സംസ്ഥാന- ങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്നതുമായ വൈദ്യുതി സുഗമമായി കേരളത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള പ്രസരണ ശൃംഖലയുടെ ഭാഗമാണ് കൂടംകുളം - ഇടമൺ - കൊച്ചി പവർ ഹൈവേ. കേരളത്തിന്റെ വൈദ്യുതി സുരക്ഷയ്ക്ക് ഈ പദ്ധതി അനിവാര്യമായതിനാലും ബദൽ മാർഗ്ഗങ്ങൾ ലഭ്യമല്ലാത്തതിനാലും താരതമ്യ പഠനത്തിനു പ്രസക്തിയില്ല. ഈ പദ്ധതിക്കായി ഭൂമി ഏറ്റെടു- ക്കുന്നില്ല. എന്നാൽ ലൈൻ കടന്നുപോകുന്ന ഇടനാഴിയിലെ ഉയരം കൂടിയ വൃക്ഷങ്ങൾ മുറിക്കേണ്ടി വരും. ഇപ്രകാരം മുറിക്കുന്ന മരങ്ങൾക്കുള്ള നഷ്ടപരിഹാരമായും സ്ഥലത്തിന്റെ വിനിയോഗക്ഷമതയിലുണ്ടാകുന്ന കുറവിനത്തിലുമായി നൽകേണ്ടുന്ന നഷ്ടപരിഹാരതുക 30.07.2015-ലെ സർക്കാർ ഉത്തരവ് നം (കൈ) 29/15/ ഊ.വ പ്രകാരം 1020 കോടി രൂപയെന്നാണ് കണക്കാക്കിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ലൈൻ കടന്നുപോകുന്ന പ്രദേശത്തെ വൃക്ഷനാശവും കൃഷിനാശവും കണക്കാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | മുറിക്കേണ്ട വൃക്ഷങ്ങളുടെ എണ്ണം റവന്യൂ വകുപ്പ് കണക്കാക്കി വരുന്നു. കൃഷി നാശം സംബന്ധിച്ച് കൃത്യമായ കണക്കുകൾ ജോലികൾ പൂർത്തീകരിച്ചതിനു ശേഷമേ ലഭ്യമാകുകയുള്ളൂ. |
| (ഡി) | ലാഭകരമായ ബദൽ മാർഗങ്ങൾ ഏതെങ്കിലും പരിഗണിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തിന്റെ വൈദ്യുതി സുരക്ഷയ്ക്ക് ആവശ്യമായ വൈദ്യുതി എത്തിക്കുന്നതിനു ഉതകുന്നതും സാങ്കേതികമായും സാമ്പത്തികമായും മെച്ചപ്പെട്ടതുമായ ബദൽ നിർദ്ദേശങ്ങൾ ലഭ്യമല്ലാത്തതിനാൽ അവ പരിഗണനയിലില്ല. ഇടമൺ - കൊച്ചി പാതയ്ക്ക് വിശദമായ സാങ്കേതിക - സാമ്പത്തിക പഠനങ്ങൾ നടത്തിയതിന് ശേഷമാണ് കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി അനുമതി നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഭാഗമായ തിരുനെൽവേലി മുതൽ ഇടമൺ വരെയും കൊച്ചി മുതൽ തൃശ്ശൂർ വരെയുമുള്ള ലൈൻ നിർമ്മാണം പൂർത്തീകരിച്ച് ചാർജ്ജ് ചെയ്തിട്ടുള്ളതാണ്. കൂടാതെ ഇടമൺ - കൊച്ചി പാതയുടെ 30 ശതമാനം ടവർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ഇ) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പദ്ധതിപ്രദേശത്തെ ജനങ്ങളുമായോ ആക്ഷൻകൗൺസിൽ പ്രതിനിധികളുമായോ ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ബന്ധപ്പെട്ട എം. എൽ. എ. മാരെയും ആക്ഷൻ കൗൺസിൽ പ്രതിനിധികളെയും ഉൾപ്പെടുത്തി 19.07.2016-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ചർച്ചകൾ നടത്തിയിട്ടുണ്ട്. മിനിട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

Hemalatha

സെക്ഷൻ ഓഫീസർ

അനുബന്ധം

**ബഹു. വൈദ്യുതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, ഇടമൺ കൊച്ചി 400 കെവി ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണം സംബന്ധിച്ച് 19-07-2016 ഉച്ചക്ക് 12 മണിക്ക് ———— കേരള നിയമസഭ 5 ഡി കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.**

യോഗ നടപടികൾ ഉച്ചക്ക് 12.00- മണിക്ക് ബഹു വൈദ്യുതി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു. പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

14-07-2016-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം സമരസമിതിയുമായി ഇടമൺ-കൊച്ചി 400 KV ഡി.സി ലൈൻ നിർമ്മാണം സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനാണ് ഈ യോഗം ചേർന്നിരിക്കുന്നതെന്ന് ബഹു. വൈദ്യുതി വകുപ്പുമന്ത്രി വ്യക്തമാക്കി. പ്രസ്തുത ലൈൻ കൂടാതെ സംസ്ഥാനത്തിന്റെ വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരം കാണാൻ സാധിക്കില്ലെന്ന് അദ്ദേഹം വിശദീകരിച്ചു. മുൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്നുവന്ന സമവായ ചർച്ചകളുടെ തുടർച്ചയാണ് ടി യോഗമെന്നും പ്രസ്തുത 400 കെ. വി. പ്രസരണ ലൈൻ സംസ്ഥാന ഊർജ്ജ ആവശ്യകത നിറവേറ്റുവാൻ അത്യന്താപേക്ഷിതമാണെന്ന നിലപാടിൽ സമര സമിതി എത്തിച്ചേരുമെന്ന് പ്രതീക്ഷിക്കുന്നതായും ബഹു. മന്ത്രി അറിയിച്ചു.

തുടർന്ന് പ്രസ്തുത ലെൻ കടന്നുപോകുന്ന മേഖലയിലെ ജനങ്ങളുടെ വികാരം മാനിച്ച്, അവർക്കുണ്ടായേക്കാവുന്ന സാമൂഹിക സാമ്പത്തിക പ്രത്യാഘാതങ്ങൾ കൂടി കണക്കിലെടുത്ത് ആയവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുമാത്രമേ ഇടമൺ-കൊച്ചി 400 KV ഡി.സി ലൈൻ നിർമ്മാണ പ്രവർത്തനവുമായി സർക്കാർ മുന്നോട്ട് പോകു എന്നും ബഹു. മന്ത്രി വിശദീകരിച്ചു. തുടർന്ന് Displacement Allowance, നഷ്ടപരിഹാര പാക്കേജ് എന്നിവ സംബന്ധിച്ച് വ്യക്തമായ വിശദീകരണം നല്കുവാൻ ഊർജ്ജ വകുപ്പ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി.

ഇൻഡ്യൻ ടെലഗ്രാഫ് ആക്ടിന്റെ നിയമാധിഷ്ഠിത മാനദണ്ഡ (Statutory norms) പ്രകാരമാണ് ലൈൻ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടു പോകുന്നതെന്നും ഇലക്ട്രിക്കൽ ക്ലിയറൻസ് കുറഞ്ഞ സ്ഥലങ്ങളിൽ കൂടുതൽ നഷ്ടപരിഹാരവും കൂടിയ സ്ഥലങ്ങളിൽ കുറഞ്ഞ നഷ്ടപരിഹാരവുമാണ്

വിഭാവനം ചെയ്തിട്ടുള്ളതെന്നും ഉദാഹരണസഹിതം (calculation statement) ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

RoW requirement, പ്രസരണ ലൈൻ ഇടനാഴി, ടവർ നിർമ്മാണം ഇവ മൂലമുണ്ടാകുന്ന നഷ്ടപരിഹാരം കണക്കാക്കുന്നതിൽ വ്യക്തത വേണമെന്ന് ഭൂരിഭാഗം എം. എൽ. എ മാരും ആവശ്യപ്പെട്ടു.

സമരസമിതി പ്രതിനിധികൾ, പ്രസ്തുത പദ്ധതിക്ക് എതിരല്ലെന്നും, പി. ജി. സി. ഐ. എൽ-ന്റെ നടപടികളിൽ പൊതുജന വിശ്വാസം ആർജ്ജിക്കേണ്ടതുണ്ടെന്നും, നിർദ്ദിഷ്ട പാതയിൽ കൂടി പ്രസ്തുത പദ്ധതി നിർമ്മാണം, വ്യാപകമായ കൃഷി നാശത്തിനിടയാക്കുമെന്നും, ഏകദേശം 1780 ഏക്കറോളം കൃഷി ഭൂമി തരിശായി പോകുമെന്നും ഉദ്ദേശം 2.5 ലക്ഷത്തോളം മരങ്ങൾ മുറിച്ചു മാറ്റേണ്ടിവരുമെന്നും ആയതിനാൽ ആക്ഷൻ കൌൺസിൽ മുൻപ് നിർ ദ്ദേശിച്ച ബദൽ പാത നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു കമ്മിറ്റിയെ നിയമിച്ച് പാരിസ്ഥിതിക,സാമൂഹിക, പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഉത്തരവാകണമെന്നും അതനുസരിച്ച് ലാഭകരമായ റൂട്ട് അലൈൻ മെന്റ് തെരഞ്ഞെടുക്കാവുന്നതാണെന്നും സമര സമിതി പ്രതിനിധികളുമായ ശ്രീ. സോബിച്ചൻ എബ്രഹാം മുതൽ പേർ അഭിപ്രായപ്പെട്ടു.

പദ്ധതി നിർവ്വഹണം സംബന്ധിച്ചും പവർ ഗ്രിഡ് കോർപ്പറേഷന്റെ നടപടികൾ സംബന്ധിച്ചും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനായി ഒരു നോഡൽ ഓഫീസറിനെ മദ്ധ്യസ്ഥനായി നിയമിക്കുന്നത് നന്നായിരിക്കുമെന്നും പത്തനാപുരം എം. എൽ. എ അഭിപ്രായപ്പെട്ടു. കൂടംകുളം ആണവോർജ്ജ നിലയത്തിൽ നിന്നും കേരളത്തിന്റെ വിഹിതമായ 266 MW വൈദ്യുതി എത്തിക്കാനായി ഇപ്പോൾ ഉദുമൽപ്പേട്ട വഴിയുള്ള പ്രസരണ ശൃംഖലയെ ആശ്രയിക്കുന്നതുമൂലം അമിതമായ പ്രസരണ നഷ്ടം ഉണ്ടാകുന്നത് വഴി സംസ്ഥാനത്തിന് ഏകദേശം 50 കോടി രൂപയുടെ നഷ്ടം അഭിമുഖീകരിക്കേണ്ടി വരുമെന്നും ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വ്യക്തമാക്കി. 2008 സെപ്റ്റംബറിൽ പൂർത്തീകരിക്കേണ്ടിയിരുന്ന പ്രസ്തുത പദ്ധതി പൂർത്തിയാവാത്തതിനാൽ കേന്ദ്ര ഗവൺ മെന്റിൽ നിന്നും സംസ്ഥാനത്തിന് വിമർശനങ്ങൾ നേരിടേണ്ടി വരുന്നുണ്ടെന്നും അദ്ദേഹം അറിയിച്ചു. 12 വർഷക്കാലത്തോളമായി വിവിധ തലത്തിലുള്ള നിരവധി

ചർച്ചകൾക്ക് ശേഷമാണ് മറ്റൊരു പദ്ധതികൾക്കും നല്കിയിട്ടില്ലാത്ത ഏറ്റവും മികച്ച നഷ്ട പരിഹാര പാക്കേജ് ഇടമൺ-കൊച്ചി പദ്ധതിയ്ക്കായി പ്രഖ്യാപിച്ചിട്ടുള്ളത്.

മേൽ സാഹചര്യത്തിൽ സമര സമിതി നിർ ദ്ദേശിച്ച ബദൽ നിർ ദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ലെന്നും 30-07-2015-ലെ സർക്കാർ ഉത്തരവു പ്രകാരമുള്ള നഷ്ട പരിഹാര പാക്കേജിൽ സർക്കാർ ഉറച്ചുനിൽക്കുന്നതായും ബഹു. മന്ത്രി അറിയിച്ചു.

സർ വ്വേ നടപടികൾ പൂർത്തിയാക്കിയ ശേഷം സമര സമിതി പ്രതിനിധികളുമായി വീണ്ടും ചർച്ച നടത്തുന്നതാണെന്നും അർഹരായ എല്ലാവർക്കും പരമാവധി നഷ്ടപരിഹാരം നല്കുന്നതാണെന്നും വീട് പൊളിച്ചുമാറ്റേണ്ടി വരുന്ന സാഹചര്യത്തിൽ Central PWD rate അനുസരിച്ച് പുതിയ വീട് നിർമ്മിക്കുവാനുതകുന്ന നഷ്ടപരിഹാരം നല്കുന്നതാണെന്നും ബഹു. മന്ത്രി വിശദീകരിച്ചു. വിശദമായ ചർച്ചകൾക്കുശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. 30-07-2015-ലെ സർക്കാർ ഉത്തരവിൽ പരാമർശിക്കപ്പെട്ട 'Displacement Allowance' -ന് കൂടുതൽ വ്യക്തത വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കും.

2. കോട്ടയം ജില്ലയിൽ ടെക്നിക്കൽ സർ വ്വേ തടസ്സപ്പെട്ട 19 കിലോമീറ്ററിൽ രണ്ട് ആഴ്ച്ചയ്ക്കകം ടെക്നിക്കൽ സർ വ്വേ പി. ജി. സി. ഐ. എൽ പൂർത്തീകരിക്കണം.

3. ടെക്നിക്കൽ സർ വ്വേ പൂർത്തിയാക്കിയിട്ടുള്ള കൊല്ലം, പത്തനംതിട്ട, എണാകുളം ജില്ലകളിൽ നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനുള്ള ഫിസിക്കൽ സർ വ്വേ റവന്യൂ അധികാരികൾ ഒരു മാസത്തിനകം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ അധികാരികളെ ചുമതലപ്പെടുത്തി.

4. 26-08-2016 ഉച്ച കഴിഞ്ഞ് 2 മണിക്ക് ബഹു. ഇലക്ട്രിസിറ്റിയും ദേവസ്വവും വകുപ്പ് മന്ത്രി പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള യോഗം ചേരുന്നതാണെന്നും തീരുമാനിച്ചു.

യോഗം 1.30-ന് അവസാനിച്ചു.

Hemalatha

സെക്ഷൻ ഓഫീസർ